"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്-WP(C).15642/2024 അന്യായത്തിന്മേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12/04/2024 തീയതിയിലെ വിധിന്യായം - ശ്രീമതി ലത എൻ. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.221/2024/F&CS തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം:-

1. കോഴിക്കോട് ജില്ല സപ്ലൈ ഓഫീസറുടെ 27.4.2023 തീയതിയിലെ DSOKKD/210/2023-CS2 നമ്പർ നടപടിക്രമം
2. കോഴിക്കോട് ജില്ല കളക്ടറുടെ 18.01.2024 തീയതിയിലെ DSOKKD272/2023 നമ്പർ നടപടിക്രമം
3. ശ്രീമതി ലത എൻ. സർക്കാരിൽ സമർപ്പിച്ച 27.02.2024 തീയതിയിലെ റിവിഷൻ ഹർജി
4. 15642/2024 -ൻമേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 12.04.2024 തീയതിയിലെ വിധിന്യായം
5. ഭക്ഷ്യപൊതുവിതരണ വകുപ്പ് കമ്മീഷണറുടെ 30/05/2024-ലെ CCS/2661/2024-A8-നം.കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ല, കോഴിക്കോട് താലൂക്കിലെ എഫ്.പി.എസ് നം. 87 ന്റെ സ്ഥിരം ലൈസൻസി നിയമനത്തിനായി ജില്ലാ സപ്ലൈ ഓഫീസർ 16.05.2022 ന് വിജ്ഞാപനം ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്യണമെന്നും എ.ആർ.ഡി 87 ൽ സെയിൽസ് വുമണായി പ്രവർത്തിക്കുന്ന തന്നെ പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസിയായി നിയമിക്കണം എന്ന് അപേക്ഷിച്ച് ശ്രീമതി ലത എൻ. ബഹു. ഹൈക്കോടതിയിൽ WP(C) 19374/2022 നം ആയി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. കോടതി ഉത്തരവ് കൈപ്പറ്റി രണ്ട് ആഴ്ച സമയപരിധിയിൽ എല്ലാ രേഖകളും സഹിതം പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിന് അപേക്ഷിക്കാൻ ശ്രീമതി ലതയോട് നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത റിട്ട് പെറ്റീഷനിൽ മേൽ ബഹു. ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി.

2. ബഹു.ഹൈക്കോടതി വിധി പ്രകാരം ശ്രീമതി ലത എൻ. പ്രസ്തുത കടയുടെ ലൈസൻസി നിയമനത്തിനായി അപേക്ഷ സമർപ്പിക്കുകയും ജില്ലാ സപ്ലൈ ഓഫീസർ ടിയാരിയുടെ അപേക്ഷ വിശദമായി പരിശോധിക്കുകയുമുണ്ടായി. എന്നാൽ കേരള ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ (കൺട്രോൾ) ഓർഡർ, 2021 പാര 37(5) പ്രകാരം നിയമപരമായി പരിഗണിക്കാൻ കഴിയാത്തതിനാൽ ശ്രീമതി ലത സമർപ്പിച്ച അപേക്ഷ പരാമർശം (1) പ്രകാരം ജില്ലാ സപ്ലൈ ഓഫീസർ നിരസിച്ചുത്തരവായി. ഇതിനെതിരെ ശ്രീമതി ലത ബഹു. ജില്ലാ

കളക്ടർക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും മേൽ കാരണത്തിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അപേക്ഷ നിരസിച്ച പരാമർശം (2) പ്രകാരം ജില്ലാ കളക്ടറും ഉത്തരവായി.

3. മേൽ പരാമർശിത ഉത്തരവുകൾക്കെതിരെ ശ്രീമതി ലത എൻ. പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും ബഹു.കേരള ഹൈക്കോടതിയിൽ WP(C) 15642/2024 നമ്പർ അന്യായം ഫയൽ ചെയ്യുകയുമുണ്ടായി. WP(C) 15642/2024-ന്റെ 12/04/2024-ലെ **വിധിന്യായ പ്രകാരം, ഒന്നാം എതിർകക്ഷിയായ സെക്രട്ടറി (F&CS) ശ്രീമതി ലത .എൻ സമർപ്പിച്ച റിവിഷൻ ഹർജി രണ്ട് മാസത്തിനുള്ളിൽ പരാതിക്കാരിയെ നേരിൽകേട്ടശേഷം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.** ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയായ ശ്രീമതി ലതയെ 29.06.2024 ൽ നേരിൽ കേൾക്കാൻ സർക്കാർ തീരുമാനിക്കുകയും, ഹർജിക്കാരിക്കുവേണ്ടി അന്നേ ദിവസം ടിയാളുടെ ഭർത്താവ് ശ്രീ.ഐ.പി. ബാബുരാജൻ ഹാജരാകുകയുമുണ്ടായി. FPS 87 No.ന്യായവില കടയുടെ സെയിൽസ് വുമൺ ആയി തന്റെ ഭാര്യക്ക് പത്തു വർഷത്തിൽ കൂടുതൽ പ്രവൃത്തിപരിചയം ഉണ്ടെന്നും, മതിയായ വിദ്യാഭ്യാസ യോഗ്യതയുണ്ടെന്നും മറ്റു വരുമാന മാർഗ്ഗങ്ങൾ ഒന്നും ഇല്ലെന്നും ആയതിനാൽ റേഷൻകട നം. 87 -ന്റെ ലൈസൻസിയായി തന്റെ ഭാര്യ ലതയെ നിയമിക്കണമെന്നും ശ്രീ ബാബു രാജൻ അഭ്യർത്ഥിക്കുകയുണ്ടായി.

4. ശ്രീമതി ലത എൻ. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(C) 15642/2024 മേൽ 12/04/2024- ൽ പുറപ്പെടുവിച്ച വിധിന്യായം, ജില്ലാ സപ്ലൈ ആഫീസറുടെയും ജില്ലാ കളക്ടറുടെയും ഉത്തരവുകൾ ,ഈ വിഷയത്തിലുള്ള പൊതുവിതരണ ഉപഭോക്തൃ കമ്മീഷണറുടെ റിപ്പോർട്ട്, ഹിയറിങ് വേളയിൽ ഹർജിക്കാരിയുടെ പ്രധിനിധി ഉയർത്തിയ ഉയർത്തിയ വാദഗതികൾ എന്നിവ ബന്ധപ്പെട്ട ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

5. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന് കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ലെ ഖണ്ഡിക 37 (1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ ബാധകമാകുകയുള്ളൂ. 18.02.2021 നോ അതിന് മുമ്പോ റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവിലകടകളിലെ സെയിൽസ്മാൻ/സെയിൽസ് വുമൺ ന് 10 വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ഖണ്ഡിക 37 (5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല. 87-ാം നം റേഷൻ കട കേരള ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ (കൺട്രോൾ) ഓർഡർ, 2021 പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് തന്നെ മറ്റൊരു കടയിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുകയാണ്.നിയമപരമായി പരിഗണിക്കാൻ കഴിയാത്തതിനാലാണ് ശ്രീമതി ലത സമർപ്പിച്ച അപേക്ഷ ജില്ലാ സപ്ലൈ ഓഫീസറും, അപ്പീൽ ജില്ലാ കളക്ടറും നിരസിച്ച ഉത്തരവായിട്ടുള്ളത്.

6. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കോഴിക്കോട് താലൂക്കിലെ എഫ്.പി.എസ് നം. 87 നമ്പർ റേഷൻ കടയുടെ സ്ഥിരം ലൈസൻസി നിയമനം സംബന്ധിച്ച ജില്ലാ കളക്ടറുടെ ഉത്തരവിൽ ഇടപെടേണ്ട സാഹചര്യം നിലവിലില്ല. പരാമർശം (2) ലെ ജില്ലാകളക്ടറുടെ

നടപടിക്രമം ശരിവെയ്ക്കാവുന്നതും ശ്രീമതി ലത എൻ . സർക്കാരിൽ സമർപ്പിച്ച പരാമർശം (3) ലെ റിവിഷൻ ഹർജി നിരസിക്കാവുന്നതുമാണ് .കോഴിക്കോട് ജില്ലാ സപ്ലൈ ആഫീസർ എഫ്.പി.എസ് നം. 87 റേഷൻ കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിനുള്ള വിജ്ഞാപന നടപടികൽ ആരംഭിക്കേണ്ടതാണ്.

7.ശ്രീമതി ലത എൻ. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 15642/2024 ൻമേലുള്ള 12.04.2024 തീയതിയിലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ,
2. ജില്ലാ കളക്ടർ കോഴിക്കോട്.
3 .ജില്ലാ സപ്ലൈ ഓഫിസർ കോഴിക്കോട് .
4. ശ്രീമതി ലത എൻ., Idukkapparakkal, Kuruvattur.P.O., Kozhikode, Pin-673611
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
6 അഡ്വക്കേറ്റ് ജനറൽ, എറണാകുളം (With C/L)
7. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ്.സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
8.കരുതൽ ഫയൽ(FCSD - B2/72/2024-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 31-07-2024 12:41:24
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി. എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്